കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി. അന്ന് പ്രതിപക്ഷനേതാവ്, കെ.പി.സി.സി.പ്രസിഡന്റുമായിരുന്നു. യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ട്രഷറർ പദവിയിലിരിക്കുമ്പോഴാണ് എനിക്ക് ആ ദുര്യോഗമുണ്ടായത്. എന്റെ ജില്ലയിലെ കരിമണ്ണൂർ പോലീസ് സ്റ്റേഷനിൽ വച്ചുണ്ടായ ലോക്കപ്പ് മർദ്ദനത്തിന്റെ ഭീതിദമായ ഒരു ഓർമ്മയാണ്, അനുഭവമാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവരാൻ എന്നെ കൂടുതൽ പ്രേരിപ്പിച്ചത്. വളരെ കുറച്ച് മണിക്കൂറുകൾ മാത്രമാണ് എനിക്ക് മർദ്ദനമേൽക്കേണ്ടി വന്നത്. എന്നാൽ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും നീണ്ടുനിന്ന മർദ്ദനത്തിന് വിധേയരായ, മർദ്ദനമേറ്റ് മരിക്കേണ്ടിവന്ന ഹതഭാഗ്യരായ മനുഷ്യരുടെ ഓർമ്മ മനസ്സിൽ സൂക്ഷിച്ചുകൊണ്ടുകൂടിയാണ് ഈ സ്വകാര്യ ബിൽ അവതരിപ്പിക്കുന്നത്. 1973-ലെ ക്രിമിനൽ പ്രൊസീജിയർ കോഡിന്റെ 5-ാം ചാപ്റ്റർ പോലീസിന്റെ നടപടിക്രമങ്ങളെക്കുറിച്ചുള്ളതാണ്. ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നതിനെയും തടഞ്ഞുവയ്ക്കുന്നതിനെയും ചോദ്യം ചെയ്യുന്നതിനെയും കുറിച്ച് വിവിധ സെക്ഷനുകളിലായി ഈ ചാപ്റ്റർ പ്രതിപാദിക്കുന്നു. സുപ്രീം കോടതിയുടെ കോൺസ്റ്റിറ്റ്യൂഷണൽ ബെഞ്ച് ജഡ്ജിമാരായ കുൽദീപ് സിംഗ്, ഡോ. എ. എസ്. ആനന്ദ് എന്നിവർ 14-8-1987-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ നിയമമുണ്ടാക്കണമെന്നാണ് ഈ സ്വകാര്യ ബില്ലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിന്റെ വെളിച്ചത്തിൽ ക്രിമിനൽ പ്രൊസീജിയർ കോഡിന്റെ 5- ാം ചാപ്റ്ററിൽ 60 (എ) സെക്ഷൻ കൂട്ടിച്ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 1986 ജൂലൈ 20,21,22 തീയതികളിൽ ഇൻഡ്യൻ എക്സ്പ്രസ്, ടെലഗ്രാഫ് എന്നീ പത്രങ്ങളിൽ പ്രസിദ്ധികരിച്ച ഒരു വാർത്ത ഉദ്ധരിച്ചുകൊണ്ട് വെസ്റ്റ് ബംഗാളിലെ ഒരു എൻ. ജി. ഒ. ആയ (നോൺ ഗവൺമെന്റൽ ഓർഗനൈസേഷനായ) ലീഗൽ എയിഡ് സർവ്വീസ്സ് എന്ന സംഘടനയുടെ.....

മി. സ്പീക്കർ : ഡീറ്റയിൽസ് വേണ്ട. ഇത് ധാരാളം മതി.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : അതിന്റെ ചെയർമാൻ സമർപ്പിച്ച ഒരു ഹർജിയുടെ അടിസ്ഥാനത്തിലാണ് ഈ വിധിയുണ്ടായത്. ഗവൺമെന്റ് ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

18. 2001-ലെ കേരള ജലവൈദ്യുത പദ്ധതി തൊഴിലാളി ക്ഷേമ നിധി ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2001-ലെ കേരള ജലവൈദ്യുത പദ്ധതി തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി, പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടനുസരിച്ച് ഇപ്പോൾ തന്നെ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ആ ക്ഷേമനിധിയുടെ പരിധിയിൽ വരുന്നുണ്ട്. അതുകൊണ്ട് പ്രത്യേകമായിട്ടുള്ള ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ല.

മി. സ്പീക്കർ : അവതരിപ്പിക്കാതെ, പിൻവലിക്കുക. അങ്ങനെ ചെയ്യാം. അതുകൊണ്ട് കുഴപ്പമില്ല. ഇവിടെ കൊണ്ടുവന്നു എന്നു വിചാരിച്ച് സ്റ്റിക്ക് ഓൺ ചെയ്യണമെന്നില്ല. അങ്ങനെയൊരു കീഴ്വഴക്കം വേണം.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, കൺസ്ട്രക്ഷൻ തൊഴിലാളികൾക്കുവേണ്ടി പൊതുവായിട്ട് ഒരു ക്ഷേമനിധി ബിൽ ഉണ്ടെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ഈ ബിൽ കൊണ്ടുവരുന്നത്. കൺസ്ട്രക്ഷൻ തൊഴിലാളികളുമായി ബന്ധപ്പെടുത്തി പൊതുവായി കാണാതെ ജലവൈദ്യുത പദ്ധതികളിൽ പണിയെടുക്കുന്ന തൊഴിലാളികളെ പ്രത്യേകമായി പരിഗണിക്കണമെന്നാണ് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. പാറ പൊട്ടിക്കുകയും പാറ തുരക്കുകയും ചെയ്യുന്ന ജോലിയാണ് പലപ്പോഴും ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ചെയ്യേണ്ടത്. പാറയുടെ പൊടിയും സിമന്റുമൊക്കെ ശ്വസിക്കേണ്ടിവരുന്നതുകൊണ്ട് വളരെ പെട്ടെന്ന് രോഗികളായി മാറുന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. എത്ര തികഞ്ഞ ആരോഗ്യവാനായ മനുഷ്യനും 12 വർഷത്തിൽ കൂടുതൽ അവിടെ ജോലി ചെയ്യാൻ കഴിയുകയില്ല, തീരാരോഗികളായി, നിത്യരോഗികളായി മാറുന്ന സ്ഥിതിയാണ് അവിടെയുള്ളത്. ഏത് സമയവും അപകടം സംഭവിക്കാവുന്ന, അപകടം പതിയിരിക്കുന്ന അപകടമരണങ്ങൾ മുഖാമുഖം കാണുന്ന ഈ തൊഴിലാളികളുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണനയുണ്ടാകണം. പൊതുവായി കൺസ്ട്രക്ഷൻ തൊഴിലാളികളിൽപ്പെടുന്നു എന്നു പറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറാതെ ഈ തൊഴിലാളികളെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

(ചർച്ച തുടരും)

19. 2001-ലെ കേരള പട്ടിണിമരണ നിർമ്മാർജ്ജന ആഘോഷ പരിപാടി നിരോധന ബിൽ

(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, 2001-ലെ കേരള പട്ടിണിമരണ നിർമ്മാർജ്ജന ആഘോഷ പരിപാടി നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly